പതിനാലാം കേരള നിയമസഭ

പത്താം സമ്മേളനം

## ആദിവാസി യുവാക്കൾക്ക് പൊലീസിലും എക്സൈസിലും പ്രത്യേക നിയമനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 1583 07/03/2018-ൽ മറുപടിക്ക്

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. ഐ. സി. ബാലകൃഷ്ണൻ | പിണറായി വിജയൻ (മുഖ്യമന്ത്രി) |

| | | | |
|---|---|---|---|
| (എ) | ആദിവാസി യുവാക്കൾക്ക് പോലീസിലും എക്സൈസിലും പ്രത്യേക നിയമനം നടത്തുന്നതിനായി പി.എസ്.സി ചട്ടങ്ങളിൽ ഭേദഗതി വരുത്തിയിട്ടുണ്ടോ; വിശദാംശം നൽകുമോ: | (എ) | സംസ്ഥാനത്തെ ചില ജില്ലകളിലെ വനാന്തരങ്ങളിലും വനാതിർത്തി പ്രദേശങ്ങളിലും നിവസിക്കുന്ന ആദിവാസി കുടുംബങ്ങളിൽ ലഹരി വസ്തുക്കളുടെ ഉപയോഗം വർദ്ധിച്ചു വരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുള്ളതിനാൽ എക്സൈസ് വകുപ്പ് ഈ മേഖലയിൽ കാര്യക്ഷമമായി ഇടപ്പെടുകയും ലഹരി വസ്തുക്കളുടെ ഉപയോഗം ഫലപ്രദമായി തടയുന്നതിനായി വകുപ്പിലെ അംഗബലം അപര്യാപ്തമായതിനാൽ വയനാട്, മലപ്പുറം, പാലക്കാട് ജില്ലകളിലെ വനാന്തരങ്ങളിലും, വനാതിർത്തി പ്രദേശങ്ങളിലും അധിവസിക്കുന്ന ആദിവാസി വിഭാഗത്തിലെ യുവതീ യുവാക്കളെ പ്രത്യേക നിയമന പ്രക്രിയ വഴി എക്സൈസ് വകുപ്പിൽ നിയമനം നൽകുന്നതിന് 25 സിവിൽ എക്സൈസ് ഓഫീസർമാരുടെ റഗുലർ തസ്തികകൾ സൃഷ്ടിച്ചു ഉത്തരവായിട്ടുള്ളതാണ്. ആദിവാസി യുവാക്കൾക്ക് പോലീസിലും എക്സൈസിലും പ്രത്യേക നിയമനം നടത്തുന്നതിനായി പി.എസ്.സി ചട്ടങ്ങളിൽ ഭേദഗതി വരുത്തിയിട്ടില്ല. എന്നാൽ ആദിവാസി വിഭാഗങ്ങളിൽ നിന്നുള്ള പ്രത്യേക നിയമനമായതിനാൽ Special Drive രൂപീകരിച്ച് യോഗ്യതകളിൽ ചില ഇളവുകൾ നൽകിയാണ് തെരഞ്ഞെടുപ്പ് നടപടികൾ സ്വീകരിച്ചിട്ടുള്ളത്. |
| (ബി) | ഇരു തസ്തികകളിലും എഴുത്ത് പരീക്ഷയില്ലാതെ നൂറ് മാർക്കിന്റെ കൂടിക്കാഴ്ചയുടെ | (ബി) | കായികാക്ഷമതാ പരീക്ഷകളുടെയും കൂടിക്കാഴ്ചയുടെയും അടിസ്ഥാനത്തിലാണ് തെരഞ്ഞെടുപ്പ് നടത്തുന്നത്. |

| | | | |
|---|---|---|---|
| | അടിസ്ഥാനത്തിൽ നിയമനം നൽകുവാനാണോ തീരുമാനം എന്നറിയിക്കാമോ; ഇത്തരമൊരു തീരുമാനം എടുത്തതിനുള്ള സാഹചര്യം എന്തായിരുന്നു; | | പി.എസ്.സി.യുടെ വിവേചനാധികാരം ഉപയോഗിച്ചാണ് തെരഞ്ഞെടുപ്പ് നടപടികൾ സ്വീകരിക്കുന്നത്. |
| (സി) | ഏതൊക്കെ വിഭാഗത്തിൽപെട്ട ആദിവാസികൾക്കാണ് ഇതിന്റെ പ്രയോജനം ലഭിക്കുന്നതെന്ന് വ്യക്തമാക്കുമോ? | (സി) | വയനാട്, പാലക്കാട്, മലപ്പുറം ജില്ലകളിലെ വനാതിർത്തിയിലും വനാന്തർ ഭാഗത്തും നിവസിക്കുന്ന പണിയാൻ, അടിയാൻ, കാട്ടുനായ്ക്കൻ വിഭാഗങ്ങളിലെയും പാലക്കാട് ജില്ലയിലെ most primitive group ആയ കുറുമൻ വിഭാഗത്തിലുംപെട്ട യുവാക്കൾക്ക് മുൻഗണന നൽകിക്കൊണ്ടും മറ്റ് ആദിവാസി വിഭാഗങ്ങളെയും ഉൾപ്പെടുത്തിയും പോലീസ് വകുപ്പിൽ സിവിൽ പോലീസ് ഓഫീസർ/വനിതാ സിവിൽ പോലീസ് ഓഫീസർ എന്നീ തസ്തികകളിലേക്കും വയനാട്, പാലക്കാട്, മലപ്പുറം ജില്ലകളിലെ വനാന്തർ ഭാഗത്തും വനാതിർത്തിയിലും നിവസിക്കുന്ന പണിയാൻ, അടിയാൻ, കാട്ടുനായ്ക്കൻ പാലക്കാട് ജില്ലയിലെ കുറുമൻ എന്നീ ആദിവാസി വിഭാഗങ്ങളിൽ നിന്നു മാത്രമായി എക്സൈസ് വകുപ്പിൽ സിവിൽ എക്സൈസ് ഓഫീസർ തസ്തികയിലേയ്ക്കും നിയമനം നടത്തുന്നതാണ്. |

(signature)

സെക്ഷൻ ഓഫീസർ